കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇലകമൺ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.7/197/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി: 08.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.7/197/2020 തീയതി 08.05.2020

## തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 21.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.01.2020 മുതൽ<br>29.01.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ.എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനോദ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുമംഗല.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ജെ. സജീന്ദ്രബാബു | 01.04.2018 മുതൽ 08.042018 വരെ |
| | ശ്രീ. കൃഷ്ണകുമാർ.എസ്.എസ് (ജൂനിയർ സൂപ്രണ്ട് - ചുമതല) | 09.04.2018 മുതൽ 20.04.2018 വരെ |
| | ശ്രീമതി ബിന്ദു.പി.വി. | 21.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീ. കൃഷ്ണകുമാർ.എസ്.എസ് (ജൂനിയർ സൂപ്രണ്ട് - ചുമതല) | 20.06.2018 മുതൽ 21.06.2018 വരെ |
| | ശ്രീ. എം.കെ.സുരേഷ് | 22.06.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കൃഷ്ണകുമാർ.എസ്.എസ് (ജൂനിയർ സൂപ്രണ്ട് - ചുമതല) | 01.04.2018 മുതൽ 05.082018 വരെ |
| | ശ്രീ. കെ.രാജ് മോഹൻ പോറ്റി | 06.08.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജിജു.വി | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീ. അരുൺ ഡി.റ്റി. | 17.07.2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി എ.ഫസീല ബീവി | 01.09.2018 മുതൽ 16.09.2018 വരെ |
| | ശ്രീ. വിനരാജ്.ഡി. | 17.09.2018 മുതൽ 04.10.2018 വരെ |
| | ശ്രീമതി സ്നേഹ ബാബു.എച്ച് | 05.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അമിത് കുമാർ.വി. | 01.04.2018 മുതൽ 10.07.2018 വരെ |
| | ഡോ. ജോണി.എസ്.പെരേര | 11.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. എച്ച്.എൽ.റൂബി | 01.04.2018 മുതൽ 20.06.2018വരെ |
| | ഡോ. സൗമ്യ ശശിധരൻ നായർ | 21.06.2018 മുതൽ 29.06.2018 വരെ |
| | ഡോ. എച്ച്.എൽ.റൂബി | 30.06.2018 |
| | ഡോ. സൗമ്യ ശശിധരൻ നായർ | 01.07.2018 മുതൽ 31.07.2018 വരെ |
| | ഡോ. ബീന.എം | 01.08.2018 മുതൽ 15.12.2018 വരെ |
| | ഡോ. എച്ച്.എൽ.റൂബി | 16.12.2018 മുതൽ 21.12.2018വരെ |
| | ഡോ. അനിൽകുമാർ.ആർ | 22.12.2018 മുതൽ |

| | | |
|---|---|---|
| | | 03.01.2019 വരെ |
| | ഡോ. നിഷ.എസ് | 04.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബ്രിജില.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. എ.വി.സൈജു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ- 1 | ശ്രീ. ആദർശ് മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ -2 | ശ്രീമതി ആശാറാണി.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രേമവല്ലി | 01.04.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി വിസി | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീമതി നിർമ്മല.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി ജയശ്രീ.ഐ | 01.04.2018 മുതൽ 28.11.2018 വരെ |
| | ശ്രീമതി. ശ്രീത.റ്റി. | 29.11.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-12 |
| 13 | തൊഴിൽ നികുതി നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിൽ വീഴ്ച | 1-15 |
| 16 | ലൈസൻസ് ഇല്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു | 1-16 |

| | | |
|---|---|---|
| 17 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-നടപടിക്രമങ്ങൾ പാലിച്ചില്ല | 1-17 |
| 18 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ- സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നില്ല | 1-18 |
| 19 | വസ്തു നികുതി നിർണയം- അപാകതകൾ | 1-19 |
| 20 | എസ്.എൽ.ഐ.തുക ആനുപാതികമായി ഈടാക്കിയില്ല | 1-20 |
| 21 | ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-21 |
| 22 | വൃക്ഷങ്ങൾ ലേലം ചെയ്തു മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-22 |
| 23 | ഒരേ ആവശ്യത്തിനായി മൂന്ന് പ്രോജക്ടുകൾ | 1-23 |
| 24 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല | 1-24 |
| 25 | സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-25 |
| 26 | മരാമത്ത് പ്രവൃത്തികൾക്കായുള്ള സ്ഥലം കൈമാറുന്നതിനും പ്രവൃത്തി പൂർത്തികരിക്കുന്നതിനും കാലതാമസം നേരിട്ടു | 1-26 |
| 27 | ബ്ലാക്ക് ലിസ്റ്റിംഗ് നടപടി നേരിട്ട കരാറുകാരൻ ഏറ്റെടുത്ത പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-27 |
| 28 | വയോജനങ്ങൾക്കുള്ള പകൽവീട് - പ്രവർത്തന സജ്ജമാക്കിയില്ല | 1-28 |
| 29 | കൊച്ചുതമ്പുരാട്ടി പണയിൽ റോഡ് നിർമാണം - പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല | 1-30 |
| 31 | ജാഗ്രതാ സമിതി-ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കിയില്ല | 1-31 |
| 32 | അവശ്യം വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങളില്ലാതെ അങ്കണവാടികൾ | 1-32 |
| 33 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകളില്ല | 1-33 |
| 34 | നൽകിയ തുകയ്ക്ക് പൂർണമായും മരുന്ന് ലഭിച്ചില്ല | 1-34 |
| 35 | വയോമിത്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് വ്യക്തമല്ല | 1-35 |
| 36 | പാലിയേറ്റീവ് പരിചരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകം | 1-36 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിററ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| | [illegible] | |

| | | |
|---|---|---|
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018ലെ 1/1 ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ബജറ്റ് ഫയൽ)ലഭ്യമാക്കിയില്ല.

ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ)<u>വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി</u>

ബജറ്റ് പ്രകാരമുള്ള പലവരവുകളും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| ഇനം | 2018-19 ബജറ്റ് തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് |
|---|---|---|
| പെർമിറ്റ് ഫീസ് | 2,00,000/- | 99,651/- |
| പെനാൾട്ടീസ് ആന്റ് ഫൈൻസ് | 1,50,000 | 68,371/- |
| വസ്തു നികുതി | 42,00,000 | 26,66,615/- |

(ബി)<u>പരിധിയിൽ കൂടുതൽ സേവിങ്സ്</u>

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ഹെഡ്ഡ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| 2502003 | വെള്ളപ്പൊക്ക നിയന്ത്രണം | 1,00,000/- | - |
| 2503001 | ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 1,50,000/- | - |
| 2504001 | പ്രകൃതി സംരക്ഷണം | 2,45,000/- | - |
| 2504002 | പ്രകൃതി സംരക്ഷണത്തിന് | 2,00,000/- | - |

| | | | |
|---|---|---|---|
| | വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ | | |
| 2503015 | സേവന സംരംഭങ്ങൾ | 5,00,000/- | - |

2018-19 വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം ഗ്രാമപഞ്ചായത്ത് 2018 ഫെബ്രുവരിക്കു മുൻപായി നൽകേണ്ടിയിരുന്നു. അംഗീകരിക്കപ്പെട്ട പദ്ധികൾക്കായി വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് ചെലവു തയ്യാറാക്കേണ്ടത്.

(സി)<u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു</u>

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ്സ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| 2501002 | കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ | 9,09,600/- | 10,73,950/- |
| 2510115 | സാക്ഷരത തുല്യത പരീക്ഷ | 47,000/- | 7,58,000/- |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെക്കാൻ പാടുള്ളതല്ല. ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/29-01-2020) വരും വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി. ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കുന്ന പക്ഷം പുതിയ പദ്ധതികൾക്കായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 18.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4316500.43 |
| വരവ് | 83239194.00 |
| ആകെ | 87555694.43 |
| ചെലവ് | 68531079.00 |
| നീക്കിയിരുപ്പ് | 19024615.43 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15176764 | 15176764 | 15176764 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9426878 | 9426878 | 9426878 | 0 |
| സി.എഫ്.സി. | 0 | 7720000 | 7720000 | 7720000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3684822 | 3684822 | 3684822 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2361514 | 2361514 | 2361514 | 0 |
| എം.എൻ.ആർ. ഇ.ജി.എ | 870 | 555441 | 556311 | 550538 | 5773 |
| ബി ഫണ്ട് | 0 | 877320 | 877320 | 877320 | 0 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 11924 | 4875 | 16799 | 6000 | 10799 |
| എസ് ബി ഐ പാളയംകുന്ന് കറണ്ട് | 28046 | 50192 | 78238 | 767 | 77471 |
| ലൈഫ് മിഷൻ ഷെഡ്യൂൾഡ് ബാങ്ക് | 0 | 660728 | 660728 | 514932 | 145796 |
| ലൈഫ് മിഷൻ എസ് ബി ഐ | 0 | 6157722 | 6157722 | 5400393 | 757329 |
| ട്രഷറി റ്റി.എസ്.ബി | -740800 | 19625877 ( *1) | 18885077 | 12313429 | 6571648 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെന്ഞ്ചർ | 0 | 7631450 | 7631450 | 6099098 | 1532352 |
| ബഡ്സ് സ്കൂൾ | 0 | 1250000 (*2) | 1250000 | 0 | 1250000 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് - തനത് ഫണ്ട് | 4881481.43 | 8051116 | 12932597.43 | 4263645 | 8668952.43 |
| ക്യാഷ് | 134979 | 4495 | 139474 | 134979 | 4495 |

*1 ജനറൽ പർപ്പസ് ഫണ്ട് വരവ് 99,40,629/- രൂപയും റിഡംപ്ഷൻ വരവ് 93,33,231/- രൂപയും ആണ്.

*2 ബഡ്സ് സ്കൂൾ വരവ് നിലവിൽ ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചറിൽ നിൽക്കുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 78625396 | 107 | 51843863 | - | 33 | 76 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 870 | 555441 | 556311 | 550538 | 5773 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29497538 | 29497538 | 29497538 | 0 |
| ആകെ | 870 | 30052979 | 30053849 | 30048076 | 5773 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 337320 | 167 |
| കർഷകതൊഴിലാളി പെൻഷൻ | 1867600 | 139 |
| വിധവാ പെൻഷൻ | 16813500 | 1471 |
| വാർദ്ധക്യകാലപെൻഷൻ | 29515300 | 2855 |
| വികലാംഗ പെൻഷൻ | 4255100 | 359 |
| വിവാഹധനസഹായം | 540000 | 18 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 194400 | 16 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2020, 10.15 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,258/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

എ)ബിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല

2018-19 ലെ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ 10.05.2018 ന് ശേഷമുള്ള ബില്ലുകൾ/വൗച്ചറുകൾ എന്നിവയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. കൂടാതെ, ബിൽ രജിസ്റ്ററിലും വൗച്ചറുകളിലും ചെക്കിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വൗച്ചറുകൾ പരിശോധിച്ച് ചെലവുകൾ അംഗീകരിക്കേണ്ടതായുണ്ട്. കൂടാതെ വൗച്ചറുകളിന്മേൽ ചെലവ് ചെയ്യപ്പെടുമ്പോൾ സെക്രട്ടറി ആയത് ബിൽ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതായുമുണ്ട്. ആയതിനാൽ ഭരണതലത്തിലും ഭരണനിർവ്വഹണ തലത്തിലും വീഴ്ച സംഭവിക്കുന്നതായി വിലയിരുത്തുന്നു. തുടർവർഷങ്ങളിൽ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഭരണസമിതിയും സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

ബി)സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചില്ല

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കുമ്പോൾ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എന്നാൽ കെടാകുളം എസ്.എൻ.ഡി.പി വയൽറോഡ് ഇംപ്രൂവ്മെന്റ് എന്ന പവൃത്തിയിൽ സപ്ലിമെന്ററി കരാറിൽ ഏർപ്പെടാതെയാണ് ആദ്യ കരാറുകാരനായ ശ്രീ തുദീപിന് പ്രവൃത്തി നിർവഹണത്തിന്

പേമെന്റ് നൽകിയത്. ആയത് കരാർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നു.
സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

സി)പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഡി)ലൈസൻസ് നല്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു.
ഇ) വസ്തു നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ ഭരണ തലത്തിൽ നടപടികൾ ആവശ്യമാണ്.
എഫ്) പകൽ വീട് പ്രവർത്തന സജ്ജമാക്കുന്നതിനും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭരണ സമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2019 | 01.10.2019 മുതൽ 30.11.2019 വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.2005 | 2004-05 | 21.12.2005 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1498/2019 തീയതി 20.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ തീയതി 28/9/13 ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇലകമൺ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ 16 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 28,563/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി നടപടിക്രമങ്ങളിലെ അപാകങ്ങൾ

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 205 ഇ വകുപ്പ് (2) രണ്ടാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതിയുടെ അടവ് വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള (ഫോറം 8- റൂൾ 11(1))

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ 2018-19 വർഷം ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. താൽക്കാലിക രജിസ്റ്റർ ആണ് ഇതിലേക്കായി സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. സെക്രട്ടറി രജിസ്റ്ററിന്റെ പരിശോധന നടത്തിയിട്ടില്ല. രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|
| 1 | BSNL | 2,500/- | രണ്ട് അർദ്ധ വർഷത്തേയും സ്ഥാപന തൊഴിൽ നികുതി നികുതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | KSEB | - | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കം വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | 2,500/- | രണ്ട് അർദ്ധ വർഷത്തേയും സ്ഥാപന തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | ഗവ.എം.പി.എൽ.പി.എസ് ഇലകമൺ | - | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവ് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല |
| 5 | മറ്റ്കാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ | - | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കം വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 6 | പോലീസ് സ്റ്റേഷൻ -അയിരൂർ | - | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കം വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 7 | മിനി മുത്തൂറ്റ്- അയിരൂർ | 1,250/- | ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | തൊടിയിൽ ഓഡിറ്റോറിയം | 2,500/- | രണ്ട് അർദ്ധ വർഷത്തെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 9 | താജ് മഹൽ ഓഡിറ്റോറിയം -നടയറ | 1,250/- | ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

മേൽ അപാകതയിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/23-01-2020) മറുപടി ലഭ്യമാക്കിയില്ല. വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ചുവടെപ്പറയുന്ന കരാറുകാർ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. (അവലംബം - ഓഡിറ്റ് എൻക്വയറി 11/23.01.2020ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി)

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | വിലാസം |
|---|---|---|
| 1 | ശ്രീ. നസീർ | പാണന്റഴികം, അയിരൂർ.പി.ഓ, ഇലകമൺ |
| 2 | ശ്രീ.അനിൽ കുമാർ | അരുൺ ഭവൻ, കിഴക്കേപ്പുറം പി.ഓ |
| 3 | ശ്രീ.ഹരിദേവ് | ശ്രീഹരി, ഇടയാടി |
| 4 | ശ്രീ.വിജയകുമാർ | ശോഭന മന്ദിരം, പുത്തൻകുളം |
| 5 | ശ്രീ.ഡി.ലാൽ | അഖിൽ ഭവൻ, വീരണകാവ് |
| | | |

| | | |
|---|---|---|
| 6 | ശ്രീ.സനൽകുമാർ | രോഹിണി, ഞെക്കാട് |
| 7 | ശ്രീ.രാജേന്ദ്രപ്രസാദ് | ശോഭന മന്ദിരം, പൂതക്കുളം |
| 8 | ശ്രീ.സുരേഷ് കുമാർ | മംഗലത്ത് വീട്, വകനാട് |
| 9 | ശ്രീ.സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട് |
| 10 | ശ്രീ.ആനന്ദ് കൃഷണദീപ് | തൃപ്തി, പാളയംകുന്ന് |
| 11 | ശ്രീ.തൃദീപ് | തൃപ്തി, പാളയംകുന്ന് |
| 12 | ശ്രീ.ശ്യാമപ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം |
| 13 | ശ്രീ.രാധാകൃഷ്ണൻ | ശ്രീരാഗം, പാളയംകുന്ന് |
| 14 | ശ്രീ.ഹാഷിം | കിഴക്കേഭാഗം, കുരയ്ക്കണ്ണി |
| 15 | ശ്രീ.ശ്രീകുമാർ | എസ്.എസ്.നിവാസ്, തേരിവിള |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 37/28.1.2020) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കരാറുകാർക്ക് നോട്ടീസ് നൽകുകയോ കരാറുകാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-15 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിൽ വീഴ്ച

2018-19 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധമായ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ 2018-19 വർഷം തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. 2017-18 വർഷം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന ട്രേഡേഴ്സ് ലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബി)ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 192 അപേക്ഷകരിൽ നിന്നായി 82,900/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

സി) ലൈസൻസ് ഫീസ് സമയബന്ധിതമായി ഈടാക്കാൻ നടപടിയില്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട്- വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസ് ഈടാക്കിയാണ് (പട്ടിക II, III & IV) നൽകേണ്ടത് (ചട്ടം 10).

എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകർ ലൈസൻസ് പുതുക്കുന്നതിനായി മേൽ പരാമർശിച്ച സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ലൈസൻസ് പുതുക്കി നൽകാൻ അപേക്ഷിച്ച തീയതി |
|---|---|---|
| 1 | ശ്രീമതി.ആർ. ഇന്ദിര മുരളി (സ്റ്റേഷനറി വ്യാപാരം) VII/633 | 03-07-2018 |
| 2 | ശ്രീമതി.സിന്ധു.എസ്.ആർ (സാഗര ഫ്ലവർ മിൽ) III/307 | 05-07-2018 |
| 3 | ശ്രീ.എസ്.സാഹിറുദ്ദീൻ (ഇലക്ട്രിക്, പ്ലംബിംഗ് ഹോൾ സെയിൽ വ്യാപാരം) XIII/19 | 09-07-2018 |
| 4 | ശ്രീ.സൈജാൻ (ചന്ദനത്തിരി, കർപ്പൂരം വിൽപ്പന) VIII/476 | 10-07-18 |
| 5 | ശ്രീ.വി.പ്രഹ്ലാദൻ (ഓട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ) V/421 | 26-09-2018 |

കൂടാതെ, ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ സ്ഥല പരിശോധന നടത്തി വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോയെന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ലായെന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെപ്പറഞ്ഞിട്ടുള്ള അപേക്ഷകളിൽ ശരാശരി വിറ്റ് വരവ്, രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | അപാകത |
|---|---|---|
| 1 | ശ്രീ.ശിവപ്രസാദ്- ഇന്ദീവരം (പൗൾട്രി ഫാം) | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 2 | ശ്രീമതി.ഷിജി.എസ്, നന്ദനം (ഓഫീസ്- ട്രാൻസ്പോർട്ട്) | |

| | | |
|---|---|---|
| | | |
| 3 | ശ്രീ.എ.സലിം, ആസിഫ് മൻസിൽ (കാറ്ററിംഗ് സർവ്വീസ്) | ശരാശരി വിറ്റ് വരവ്, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |

മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല ( ഓഡിറ്റ് എൻക്വയറി നമ്പർ 07/22.01.2020ന് ഭാവിയിൽ അപാകതകൾ വരാതെ ശ്രദ്ധിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്).

## 1-16 ലൈസൻസ് ഇല്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു

(ഫയൽ നമ്പർ A4/1719/15)

ഇലകമൺ ഗ്രാമപഞ്ചായത്തിലെ XII ാം വാർഡിൽ അയിരൂർ നടയറ റോഡിൽ എസ്സാർ ഫ്യുവൽസ് എന്ന പേരിലുള്ള പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിലേക്കായി ശ്രീ. ജ്യോതിസ് നസറുള്ള എന്ന വ്യക്തി 25-03-2015 ൽ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി 20-05-2015 ന് ചീഫ് ടൗൺ പ്ലാനർക്ക് സെക്രട്ടറി അയച്ചു. ഇതിന് ചീഫ് ടൗൺ പ്ലാനർ, ഗ്രാമപഞ്ചായത്തിന്റെ വ്യക്തമായ ശുപാർശ സഹിതം പുതുക്കിയ അപേക്ഷ റീജിയണൽ ടൗൺ പ്ലാനർ മുഖാന്തിരം സമർപ്പിക്കാൻ 15-06-2015 ന് മറുപടി നൽകി. തുടർന്ന് പ്രസ്തുത പെർമിറ്റ് അപേക്ഷ സെക്രട്ടറി 05-06-2015 ന് റീജിയണൽ ടൗൺ പ്ലാനർക്ക് സമർപ്പിച്ചു. ഇതിന് റീജിയണൽ ടൗൺ പ്ലാനർ അപേക്ഷയിലെ അപാകതകൾ ചൂണ്ടിക്കാട്ടി 06-08-2015 ൽ മറുപടി നൽകി. അവയിൽ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

i)നിർദ്ദിഷ്ട നിർമ്മാണം അനുവദനീയമായ കവറേജ് ലംഘിക്കുന്നു

ii) പ്ലാനിൽ എക്സ്റ്റന്റ് ഓഫ് ലാന്റ് വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

iii) സർവ്വീസ് പ്ലാൻ ലഭ്യമല്ല

iv) പ്രസ്തുത സ്ഥലത്ത് Hazardous occupancy ൽ ഉൾപ്പെടുന്ന നിർമ്മാണം അനുവദനീയമാണോ എന്ന സെക്രട്ടറിയുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല.

v)ആവശ്യമായ sanitation facilities ലഭ്യമാക്കിയിട്ടില്ല

ഇതിനെ തുടർന്ന് അപാകതകൾ പരിഹരിച്ച് ശ്രീ. ജ്യോതിസ് നസറുള്ള സമർപ്പിച്ച അപേക്ഷ 28-09-2015 ന് സെക്രട്ടറി വീണ്ടും റീജീയണൽ ടൗൺ പ്ലാനർക്ക് ഫോർവേർഡ് ചെയ്തു. പ്രസ്തുത കത്തിലും ടി സ്ഥലത്തിന് 100 മീറ്റർ ചുറ്റളവിൽ ചെറുകിട കച്ചവട സ്ഥാപനങ്ങൾ ഉണ്ടെന്നും സ്ഥലം റസിഡൻഷ്യൽ ഏരിയ ആണെന്നും സമീപത്തായി ഒരു ആശുപത്രി ഉണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശ (അനുവദനീയമാണോ എന്നത് സംബന്ധിച്ച) രേഖപ്പെടുത്തിയിരുന്നില്ല. ഇക്കാരണത്താൽ ചീഫ് ടൗൺ പ്ലാനർ 09-12-2015 ന് പഞ്ചായത്തിന്റെ വ്യക്തമായ അഭിപ്രായം അറിയിക്കണമെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു. ഇതിന് 11.12.2015ൽ, നിലവിലെ നിയമങ്ങൾക്ക് വിധേയമായും അധികാരസ്ഥാപനങ്ങളിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ പമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ പഞ്ചായത്തിന് തടസ്സമില്ല എന്ന് സെക്രട്ടറി മറുപടി നൽകി.(ഇതിനിടെ 21.10.2015 ന് തിരുവനന്തപുരം കളക്ടേറ്റിൽ നിന്നും പ്രസ്തുത പമ്പിന് A17/17984/2015 നമ്പറായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു ).

തുടർന്ന് 31.12.2015 ന് ചീഫ് ടൗൺ പ്ലാനർ 11 വ്യത്യസ്ത നിബന്ധനകൾ രേഖപ്പെടുത്തി ഉപാധികളോടെ ലേ ഔട്ടിന് അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 13.04.2016 ൽ ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് നൽകി (എ4-ELK-25/2016 തീയതി 13.04.2016).

പ്രസ്തുത പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയായെന്നും നമ്പരിട്ട് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.ജ്യോതിസ്സ് നസറുള്ള 22-04-2016ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി. 13-04-2016 ൽ പെർമിറ്റ് ലഭിച്ച പെട്രോൾ പമ്പ് നിർമ്മാണം പോലെ ഏറെ സാങ്കേതികത്വം ആവശ്യമുള്ള നിർമ്മാണ പ്രവൃത്തി കേവലം ഒരാഴ്ച കാലയളവിനുള്ളിൽ പൂർത്തിയായത് വിശ്വസനീയമല്ല. ഇതിൽ നിന്നും നടപടിക്രമങ്ങൾ പുരോഗമിക്കുന്ന വേളയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു എന്നത് വ്യക്തമാണ്. പഞ്ചായത്തിലെ

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയിൽ കെട്ടിട നിർമ്മാണം നടത്തിയെന്നും ലേ ഔട്ടിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണമെന്നും കണ്ടെത്തിയതിനാൽ റിവൈസ്ഡ് ലേ ഔട്ട് അംഗീകാരത്തിനായി 18-06-2016 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം കത്ത് നൽകി. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

12-07-2016ന് ലേ ഔട്ടിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് തടസ്സമില്ലെന്നും സെക്രട്ടറി ചീഫ് ടൗൺ പ്ലാനറെ അറിയിച്ചു. എന്നാൽ 18-06-2016, 12-07-2016 എന്നീ തീയതികളിലെ അപേക്ഷകൾ ന്യൂനതകൾ ചൂണ്ടിക്കാട്ടി ചീഫ് ടൗൺ പ്ലാനർ 01-08-2016 ൽ മടക്കി അയച്ചു. തുടർന്ന് ലേ ഔട്ട്, അനുബന്ധ രേഖൾ എന്നിവയിലെ അപാകങ്ങൾ ചൂണ്ടിക്കാട്ടി ആയത് പരിഹരിച്ച് സമർപ്പിക്കാൻ ശ്രീ.ജ്യോതിസ് നസറുള്ളയോട് 18-08-2016 ൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ലേ ഔട്ട്, അനുബന്ധ രേഖകൾ എന്നിവ സൂക്ഷ്മ പരിശോധന നടത്താതെയാണ് ടൗൺ പ്ലാനർക്ക് ഫോർവേർഡ് ചെയ്യുന്നതെന്ന് മേൽ പരാമർശിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളിൽ നിന്നും വ്യക്തമാണ്. തുടർന്ന് ശ്രീ.നസറുള്ള മേൽ അപാകതകൾ പരിഹരിച്ച് സമർപ്പിച്ച അപേക്ഷ 05-03-2017 ൽ ചീഫ് ടൗൺ പ്ലാനർക്ക് അയച്ചു. ഇതിന് 12-01-2018 ൽ ചീഫ് ടൗൺ പ്ലാനർ സെക്രട്ടറിക്ക് നൽകിയ മറുപടിയിലും , അപേക്ഷയിലും അനുബന്ധ രേഖകളിലും ഉള്ള 6 തരം അപാകതൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിനെ തുടർന്ന് അപാകതകൾ വീണ്ടും പരിഹരിക്കാനാവശ്യപ്പെട്ട് ശ്രീ.ജ്യോതിസ് നസറുള്ളയ്ക്ക് 22-05-2018ലും 25-07-2018 ലും വീണ്ടും ഗ്രാമപഞ്ചായത്ത് കത്തയച്ചിട്ടുണ്ട്. തുടർന്ന് ശ്രീ.ജ്യോതിസ് നസറുള്ള പുനസമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 12-10-2018 ൽ റീജിയണൽ ടൗൺ പ്ലാനർക്ക് അംഗീകാരത്തിനായി സെക്രട്ടറി സമർപ്പിച്ചിരിക്കുന്നു.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടി വിവരങ്ങളൊന്നും കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള PCB/TVM/DO/ICE/PTP നമ്പർ സർട്ടിഫിക്കിറ്റിന്റെ കാലാവധി 12-02-2018 ൽ അവസാനിച്ചിട്ടുള്ളതാണ്. പുതിയ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമുള്ള പുതുക്കിയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെങ്കിൽ 12-02-2018 ന് ശേഷമുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടത് എന്തിനാണെന്ന് വ്യക്തമല്ല. നിലവിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ പെട്രോൾ പമ്പ് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കാതെയും ലൈസൻസ് നൽകാതെയും പമ്പ് പ്രവർത്തിച്ചു വരുന്നതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. പ്രസ്തുത പമ്പിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതടക്കമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈക്കൊള്ളാതിരുന്നതിന്റെ കാരണവും വ്യക്തമല്ല. ഇത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നീതീകരിക്കാനാകാത്ത വീഴ്ചയായും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള ജാഗ്രതക്കുറവുമായി ഓഡിറ്റ് വിലയിരുത്തുന്നു.

റീജിയണൽ ടൗൺ പ്ലാനറിൽ നിന്നും മറുപടി നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിലാണ് പമ്പിന്റെ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിനുള്ള നോട്ടീസ് നൽകുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാഞ്ഞതെന്നും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ലെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/24-01-2020ന്റെ മറുപടി) . പ്രസ്തുത മറുപടി പരിഗണനാർഹമല്ല. UA രജിസ്റ്ററിൽ പോലും ഉൾപ്പെടാത്ത കെട്ടിടത്തിൽ പെട്രോൾ പമ്പ് നിലവിലും പ്രവർത്തിച്ചു വരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള നീതീകരിക്കാനാകാത്ത വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈസൻസ് ലഭ്യമാകാത്ത സാഹചര്യത്തിൽ നോട്ടീസ് നൽകുന്നതടക്കമുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-നടപടിക്രമങ്ങൾ പാലിച്ചില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുൻപായി അത് നടത്താൻ ഉദ്ദേശിക്കുന്ന വ്യക്തി ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ഫോറം നമ്പർ 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മേൽ പരാമർശിച്ച അപേക്ഷകൾ ലഭിച്ചാൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടങ്ങളുടെ സുരക്ഷിതത്വം, അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന മറ്റ് വിശദാംശങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ വിശദാംശം ഫോറം 2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അപേക്ഷകന് ഫോറം 3 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷത്തിക വർഷത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ 3അപേക്ഷകരുടെ പേര് വിവരം മാത്രം താൽക്കാലിക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത രജിസ്റ്ററിന്റെയും ഫയലുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് (സ്ഥാപനത്തിന്റെ പേര് ) | അപാകത |
|---|---|---|
| 1 | ശ്രീമതി പാർവ്വതി<br>(cure and care homeopathic clinic ) | 2017-18 വർഷം ലൈസൻസ് ലഭിച്ച സ്ഥാപനം ആണെന്ന് അപേക്ഷയിലും കുറിപ്പ് ഫയലിലും രേഖപ്പെടുത്തിയിരിക്കുന്നു. ഫോറം നമ്പർ 5 ന് പകരം ഫോറം നമ്പർ 1 ൽ ആണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. 2018 സെപ്റ്റംബർ മാസത്തിലാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. നൽകിയ രജി.സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 2 | ഡോ.പി.എസ്.ശ്രീകുമാർ<br>(ശാരദ ക്ലിനിക്) | 15-03-2019ലാണ് അപേക്ഷിച്ചിരിക്കുന്നത്. 2017-18 വർഷത്തേക്ക് ലൈസൻസ് അനുവദിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്വേഷണ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. നൽകിയ രജി.സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല |
| 3 | ഡോ.അൻവർ അബ്ബാസ്<br>(ഡോ.അബ്ബാസ് ഹോസ്പിറ്റൽ) | 15-03-2019ലാണ് അപേക്ഷിച്ചിരിക്കുന്നത്. 2017-18 വർഷത്തേക്ക് ലൈസൻസ് അനുവദിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്വേഷണ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. നൽകിയ രജി.സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല |

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മേൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് 2018-19 വർഷം നൽകിയിട്ടുണ്ടെന്നും 2018-19 എന്നത് 2017-18 എന്ന് തെറ്റായി കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയതാണെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 14/23-01-2020 ന്റെ മറുപടി). രജിസ്ട്രേഷൻ സാമ്പത്തിക വർഷാവസാനം മാത്രം നൽകിയതും അന്വഷണ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്താത്തതും സംബന്ധിച്ച അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ സമയബന്ധിതമായി ലൈസൻസ് പുതുക്കി നൽകുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പൂർണമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ- സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കല്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാൻ എന്നിവ അംഗീരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കല്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയ തീയതി | നൽകേണ്ടിയിരുന്ന തീയതി |
|---|---|---|---|---|
| 1 | BA105700/ 2018 04-04-18 | ശ്രീ. സലിയൻ പിള്ള | 29-05-2018 | 03-05-2018 |
| 2 | BA105704/ 2018 04-04-18 | ശ്രീ. സലിയൻ പിള്ള | 29-05-2018 | 03-05-2018 |
| 3 | BA102402/ 2018 17-04-18 | ശ്രീ.മനോജ് | 25-05-2018 | 16-05-2018 |
| 4 | BA102415/ 2018 17-04-2018 | ശ്രീ.വിജയകുമാർ | 25-05-2018 | 16-04-18 |
| 5 | BA105220/ 2018 24-04-2018 | ശ്രീ.വർണ്ണകുമാർ | 29-05-18 | 23-05-18 |
| 6 | BA31174/ 2019 08-05-18 | ശ്രീ.ചന്ദ്രരാജൻ | 12-02-2019 | 07-06-2018 |
| 7 | BA605844/ 2018 23-05-2018 | ശ്രീമതി.ആർ.ശ്രീകല | 05-07-2018 | 22-06-2018 |
| 8 | BA132165/ 2018 29-05-2018 | ശ്രീ.ശ്യാംരാജ്.ആർ | 05-07-18 | 28-06-2018 |
| 9 | BA195657/ | ശ്രീ.രാധാകൃഷ്ണൻ | 29-08-2018 | 29-07-2018 |

| | | | | |
|---|---|---|---|---|
| | 2018<br>30-06-2018 | | | |
| 10 | BA263883/<br>2018<br>29-09-2018 | ശ്രീമതി.സുനിത | 12-11-2018 | 28-10-2018 |

ഐ.സ്.ഓ യുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി Rennovation works, Electrical works എന്നിവ നടന്നു വരുന്ന സമയം ആയതിനാൽ ആണ് മനപ്പൂർവ്വം അല്ലാത്ത കാലതാമസം വന്നതെന്ന് സെക്രട്ടറി വിശദീകരിക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 05/22-01-2020). എന്നാൽ മേൽ പട്ടികയിൽ പെർമിറ്റ് നൽകിയിരിക്കുന്ന ഫയലുകൾ വിവിധ സമയങ്ങളിലേതാണ്. ഇക്കാരണത്താൽ സെക്രട്ടറിയുടെ വിശദീകരണം പരിഗണനാർഹമല്ല. വരും വർഷങ്ങളിൽ പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി നിർണയം- അപാകതകൾ

2018-19 വർഷത്തെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)മേഖലാ വിഭജന മാപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിലേക്കായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ മാപ്പ് ഓഡിറ്റ് എൻക്വയറി നമ്പർ 04/22-01-2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി)ഫോറം 6 ഉള്ളടക്കം ചെയ്തിട്ടില്ല

കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011ലെ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോറം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2018-19 വർഷം നികുതി നിർണയം നടത്തിയ ഫയലുകളിൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫോറം 6 ഉള്ളടക്കം ചെയ്തിട്ടില്ല. വരും വർഷങ്ങളിൽ ഫോറം 6 നികുതി നിർണയ ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 12/23-01-2020).

സി)ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം 227 ഉം റഗുലറൈസേഷന് ലഭിച്ച അപേക്ഷകളുടെ എണ്ണം 71 ഉം ആണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ താരതമ്യേന വലിയ അളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ

അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

<u>ഡി)കെട്ടിടങ്ങളുടെ വിശദാംശം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ല</u>

സഞ്ചയ - അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഒന്നാം വാർഡിൽ (തോണിപ്പാറ) 625 കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 614 മുതൽ 624 വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമല്ല. പ്രസ്തുത കെട്ടിടനമ്പരുകൾ ഒന്നാം വാർഡിലെ Demolished കെട്ടിടങ്ങളുടെ രജിസ്റ്ററിലും ഗ്രാമപഞ്ചായത്തിലെ UA രജിസ്റ്ററിലും ഉൾപ്പെട്ട് കാണുന്നില്ല. മേൽ അപാകതയിന്മേൽ വിശദീകരണമാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 42/29-01-2020) സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ സൈറ്റ് ഓപ്പൺ ആകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിൽ മാത്രം 10 കെട്ടിടങ്ങൾ സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല എന്നത് നികുതി നിർണയത്തിലെയും അനുബന്ധ രേഖകളുടെ പരിപാലനത്തിലെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഇ) UA രജിസ്റ്റർ- പരിപാലനത്തിലെ വീഴ്ച</u>

ഗ്രാമപഞ്ചായത്തിന്റെ UA രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | അപാകത |
|---|---|---|---|
| 1 | III/55 | ശ്രീമതി.ഷീനാകുമാരി | 2015-16 വർഷത്തെ UA രജിസ്റ്ററിൽ (മാന്വൽ രജിസ്റ്റർ) ഉൾപ്പെട്ട കെട്ടിടമാണ്. എന്നാൽ നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിയമാനുസൃത കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | XII/41 | ശ്രീ.അശോകൻ | കെട്ടിടത്തിന്റെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ല |
| 3 | XV/1 | ശ്രീ.ഷാൻ.എം.എസ് | |

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി സ്ഥലപരിശോധന നടത്തി സഞ്ചയ പ്യൂരിഫിക്കേഷൻ സൈറ്റ് ഓപ്പൺ ആകുന്ന മുറയ്ക്ക് അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 26/24-01-2020 ന്റെ മറുപടി). പ്രസ്തുത മറുപടി പരിഗണനാർഹമല്ല.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ നിർദ്ദേശിക്കുന്നു.

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ

പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/നടത്തേണ്ടതുമാണ്.

## 1-20 എസ്.എൽ.ഐ.തുക ആനുപാതികമായി ഈടാക്കിയില്ല

സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിന് ശേഷമോ പ്രവേശിക്കുന്ന അൻപത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സർക്കാർ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്. ജി.ഓ(പി)149/2016/ധന തീയതി 04.10.2016 പ്രകാരം 01.01.2017 മുതൽ എസ്.എൽ.ഐ യുടെ നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ജീവനക്കാരിൽ നിന്നും ആനുപാതികമായി എസ്.എൽ.ഐ ഈടാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ എസ്.എൽ.ഐ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| ശ്രീമതി പാർവ്വതി (ക്ലർക്ക്) | 19,000/- | ഈടാക്കിയില്ല | 300/- |
| ശ്രീ.ജയേഷ് ഐ.സി (ഡ്രൈവർ) | 18,000/- | ഈടാക്കിയില്ല | |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 23/23-01-2020) നിലവിൽ ഇവരിൽ നിന്നും എസ്.എൽ.ഐ ഈടാക്കി വരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ഉത്തരവ് നമ്പർ 07/2016/ഫിൻ തീയതി 20.01.2016 പ്രകാരം 01.04.2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ചുവടെപ്പറയുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 2018-19 വർഷം (മൂന്ന്, നാല് ഗഡുക്കൾ) അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | മൂന്നാം ഗഡു | വൗച്ചർ നമ്പർ, തീയതി | നാലാം ഗഡു | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | ശ്രീ.സുരേഷ് കുമാർ | അക്കൗണ്ടന്റ് | 21132 | | 20180 | |
| 2 | ശ്രീമതി.സരിതമോൾ | ക്ലർക്ക് | 12592 | | 12029 | |
| 3 | ശ്രീമതി.സൗമ്യ.ഐ | സീനിയർ ക്ലർക്ക് | 15083 | | 14403 | |
| 4 | ശ്രീമതി.എസ്.തങ്കമണി | പി.റ്റി.എസ് | 7718 | | 7370 | |
| 5 | ശ്രീ.വി.എൻ.സജി | അസി.സെക്രട്ടറി | 28885 | | 27582 | |
| 6 | ശ്രീമതി.പി.എസ്.കവിത | സീനിയർ ക്ലാർക്ക് | 9954 | 21800130/ 02-06-2018 | 9505 | 21800456/ 03-10-2018 |
| 7 | ശ്രീമതി.എം.ഗിരിജാ ഭായി | പി.റ്റി.എൻ.റ്റി | 6598 | | 6301 | |
| 8 | ശ്രീമതി.ആൻസി | ക്ലർക്ക് | 12697 | | 12125 | |
| 9 | ശ്രീമതി.ദിവ്യ.ബി | ക്ലർക്ക് | 12741 | | 12166 | |
| 10 | ശ്രീമതി.ജി.ഗീത | ഓഫീസ് അസിസ്റ്റന്റ് | 2772 | | 2647 | |
| 11 | ശ്രീ.ശ്രീജിത് ചന്ദ്രൻ | സീനിയർ ക്ലർക്ക് | 15652 | | 14371 | |
| 12 | ശ്രീ.ശിവപ്രസാദ് | ഓഫീസ് അസി. | 17148 | | 16543 | |

## 1-22 വൃക്ഷങ്ങൾ ലേലം ചെയ്തു മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

കുഴിവിള അങ്കണവാടിയിൽ അപകടാവസ്ഥയിൽ നിന്ന തെങ്ങ് മുറിച്ചുമാറ്റുന്നതിന് 1500/- രൂപ വൗച്ചർ നമ്പർ 21800032 / 05.04.2018 പ്രകാരം ICDS സൂപ്പർവൈസർ (ശ്രീമതി.സൗമ്യ) ക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 033901000017747 തീയതി.06.04.2018) തെങ്ങ് ലേലം ചെയ്ത് തുക മുതൽക്കൂട്ടിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ 19.09.2018 ലെ കമ്മിറ്റി തീരുമാനം 14(1) പ്രകാരം 73-ാം നമ്പർ അങ്കണവാടിയിൽ അപകാടാവസ്ഥയിൽ നിൽക്കുന്ന രണ്ട് തേക്ക് മരങ്ങൾ മുറിച്ച് മാറ്റുന്നതിനും തടി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനും ICDS സൂപ്പർവൈസറെ ചുമതലപ്പെടുത്തിയരുന്നു. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനായി സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത തേക്കുകൾ ലേലം ചെയ്യുന്നതിന് മുന്നോടിയായി വനം വകുപ്പിൽ നിന്നും വാല്വേഷൻ വാങ്ങിയതിന്റെയും ലേലം ചെയ്ത തുക മുതൽക്കൂട്ടിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ഒരേ ആവശ്യത്തിനായി മൂന്ന് പ്രോജക്ടുകൾ

2018-19 സാമ്പത്തിക വർഷം ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന പേരിൽ മൂന്ന് പദ്ധതികൾ നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | അടങ്കൽതുക/ ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ | നടപ്പിലാക്കിയ പ്രവൃത്തി |
|---|---|---|---|---|---|
| 1 | 108/19 ISO സർട്ടിഫിക്കേഷന് | 3,00,000/- തനത് ഫണ്ട് | 86200 | ലഭ്യമല്ല | 28.02.2019 ൽ ശ്രീ.രാധാകൃഷ്ണൻ, ഉണ്ണി വുഡ് വർക്സ് എന്നയാളുമായി 10 |

| | | | | | |
|---|---|---|---|---|---|
| | വേണ്ടിയുള്ള പ്രവർത്തനങ്ങൾ | | | | അലമാരകൾ 20 ദിവസത്തിനകം നിർമ്മിച്ച് നൽകാനുള്ള കരാറിൽ ഏർപ്പെട്ട് ആയത് പ്രകാരം 5 അലമാരകളുടെ വിലയായി 75000/-രൂപ നല്കി. കൂടാതെ ഫയലുകൾ സൂക്ഷിക്കുന്നതിന് ബോക്സുകൾ വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് 11200/- രൂപ നല്കി. |
| 2 | 110/19<br>ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) | 150,000/- വികസനഫണ്ട് | 75000/- | 35/25.03.2019 | 28.02.2019 ൽ ശ്രീ.രാധാകൃഷ്ണൻ, ഉണ്ണി വുഡ് വർക്ക്സ് എന്നയാളുമായി 10 അലമാരകൾ 20 ദിവസത്തിനകം നിർമ്മിച്ച് നൽകാനുള്ള കരാറിൽ ഏർപ്പെട്ടു. ആയത് പ്രകാരം 5 അലമാരകളുടെ വിലയായി 75000/- രൂപ നൽകി. |
| 3 | 149/19<br>ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ | 288000/- തനത് ഫണ്ട് | 93000/- | ലഭ്യമല്ല | 16.01.2019 ലെ കമ്മിറ്റി തീരുമാനം 2(4),2(3) എന്നിവ പ്രകാരം ഓക്സിഫോസ്, കുമാരപുരം എന്ന സ്ഥാപനത്തിന്റെ കരാർ (സ്മാർട്ട് ടെലിവിഷൻ, ടോക്കൺ മെഷീൻ എന്നിവയ്ക്ക്) അംഗീകരിച്ച് നല്കി. |

ഒരേ ആവശ്യത്തിനായി മൂന്ന് പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ സാംഗത്യം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 38/27.01.2020) ചെലവ് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. പദ്ധതി ആസൂത്രണത്തിലെ വീക്ഷണമില്ലായ്മയാണ് ഒരു ആവശ്യത്തിനായി മൂന്ന് പദ്ധതികൾ രൂപീകരിക്കപ്പെടുവാൻ കാരണമായതെന്ന് വിലയിരുത്തുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-24 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)11/2018/എൽ.എസ്.ജി.ഡി; തീ.29.01.2018 പ്രകാരമുള്ള പദ്ധതി

രൂപീകരണ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും ഗൂഗിൾ റോഡ് ട്രാക്ക് ഉപയോഗിച്ച് ചെയ്ത് വരുന്നു എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (35/28-1-2020) മറുപടി ലഭ്യമാക്കിയത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ ഗ്രാമപഞ്ചായത്തിന്റെ വികസനം സാധ്യമാവുകയുള്ളൂ. ഇക്കാര്യത്തിൽ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കെടാകുളം എസ്.എൻ.ഡി.പി വയൽറോഡ് ഇംപ്രൂവ്മെന്റ് |
| നമ്പർ | SO122/19 |
| വകയിരുത്തൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 8,88,129/- |
| കരാറുകാരൻ | തുദീപ് |

നിലവിലുള്ള DR ഫൗണ്ടേഷന് മുകളിൽ സൈഡ് വാൾ നിർമിക്കുന്നതിനും 200 മീറ്റർ നീളത്തിൽ റീടാർ ചെയ്യുന്നതിനും വേണ്ടിയാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ സ്ഥലവാസികളുടെ ആവശ്യപ്രകാരം DR masonary ഒഴിവാക്കി RR masonary ഉൾപ്പെടുത്തി റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന റീടാറിംഗ് പ്രവൃത്തി ഒഴിവാക്കുകയും ചെയ്തു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2012 PWD Manual ഖണ്ഡിക 1601.1.1ലെ നിർദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചും കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ നൽകിയ ഇനങ്ങൾ തൃപ്തികരമായിരുന്നുവെന്നും കല്ലുകൾക്കിടയിൽ പാമ്പ് കയറിയിരിക്കുമെന്നുള്ള നാട്ടുകാരുടെ അഭിപ്രായപ്രകാരം DR പ്രവൃത്തി RR ആക്കി മാറ്റുകയാണ് ഉണ്ടായതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 43/28-01-2020ന്റെ മറുപടി). ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ആവശ്യകത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിൽ പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. ഭാവിയിൽ സ്ഥലപരിശോധന നടത്തി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾക്കായുള്ള സ്ഥലം കൈമാറുന്നതിനും പ്രവൃത്തി പൂർത്തികരിക്കുന്നതിനും കാലതാമസം നേരിട്ടു

2012 കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, സെക്ഷൻ 2102.1 പ്രകാരവും കരാറുടമ്പടി വ്യവസ്ഥ 6 പ്രകാരവും കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ കരാറുകാരൻ പ്രവൃത്തിസ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും

ഏറ്റെടുക്കേണ്ടതും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്.

ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് സ്ഥലം കൈമാറുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്കും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിൽ കരാറുകാർക്കും കാലതാമസം നേരിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് നമ്പർ | വകയിരുത്തൽ/ ചെലവ് | എഗ്രിമെന്റ് തീയതി | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|
| 1 | കുഴിവിള മുരുകൻ നട റോഡ് മെയിന്റനൻസ് (S0039/19) | 750000/ 721057 (ബിൽ നം. 38/26-3-19) | 9-10-18 | 29-10-18 | 8-2-19 | 20-3-19 | ശ്രീ നസീർ, പാണന്റുഴികം |
| 2 | ചാരുംകുഴി അംഗനവാടി നവീകരണം (S0126/19) | 131100/ 125029 (ബിൽ നം 14/22-11-18) | 20-09-17 | 20-09-17 | 11-1-18 (ഗ്രേസ് ടൈം ഉൾപ്പെടെ) | 12-6-18 | ശ്രീ രാജേന്ദ്രപ്രസാദ് |
| 3 | അയിരൂർ വലിയവിള റോഡ് ഇംപ്രൂവ്മെന്റ് (S030/19) | 45000/ 449746 (ബിൽനം 29/ 22-1-19) | 2-7-18 | 10-10-18 | 1-11-18 | 30-11-18 | ശ്രീ. നസീർ, പാണന്റുഴികം |
| 4 | വിളപ്പുറം ചാലുവിള റോഡ് ഇംപ്രൂവ്മെന്റ് (S0134/19) | 120000/ 1092996 (ബിൽ നം18/ 24-11-18) | 26-3-18 | 2-5-18 | 23-7-18 (ഗ്രേസ് ടൈം ഉൾപ്പെടെ) | 21-11-18 | ശ്രീകുമാർ. എസ് |
| 5 | കുന്നവിള ചരുവിള റോഡ് ഇംപ്രൂവ്മെന്റ് (S021/19) | 450000/ 449533 (ബിൽ നം25/ 17-1-19) | 2-7-18 | 17-9-18 | 1-11-18 | 4-1-19 | ശ്രീ വി ഹരിദേവ് |
| 6 | ആലുവിളപ്പുറം തോണിപ്പാറ റോഡ് സംരക്ഷണം (S032/19) | 900000/ 808289 (ബിൽ നം30/ 24-1-19) | 10-7-18 | 17-9-18 | 12-12-18 | 1-1-19 | ശ്രീ ഡി ലാൽ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റവും പ്രകൃതി ക്ഷോഭവും മൂലമാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ കാലതാമസം വന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 31/27-01-2020). കരാർ വ്യവസ്ഥ പ്രകാരം കരാർ വച്ച് 10 ദിവസത്തിനകം കരാറുകാരന് സ്ഥലം കൈമാറേണ്ടതാണെങ്കിലും മുകളിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിന് 20 ദിവസം മുതൽ 98 ദിവസം വരെ കാലതാമസം വന്നിട്ടുണ്ട്. ആയത് കരാർ വ്യവസ്ഥയുടെ ലംഘനമാണ്. കരാർ ഉടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്യാനുള്ള അവസരമുണ്ടായിട്ടും സൈറ്റ് കരാറുകാരന് വിട്ടുനൽകാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. കരാർ വ്യവസ്ഥ ലംഘിച്ചുള്ള പ്രസ്തുത നിർമാണം ആധികാരികമാക്കാനും കഴിയുകയില്ല. എഞ്ചിനീയറിഗ് വിഭാഗത്തിന്റെ അനാസ്ഥ കാരണമാണ് സ്ഥലം കൈമാറുന്നതിന് ഇത്രയും കാലതാമസം വന്നത്. ആയതിനാൽ പൂർത്തീകരണ കാലതാമസത്തിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012, സെക്ഷൻ 2112 പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ഈടാക്കാൻ കഴിയുമായിരുന്ന പിഴ (ആദ്യ 3 മാസത്തേക്ക് 1% , തുടർന്നുള്ള ഓരോ 3 മാസത്തേക്കും 2% നിരക്കിലും) ഈടാക്കാനും കഴിഞ്ഞില്ല. വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

## 1-27 ബ്ലാക്ക് ലിസ്റ്റിംഗ് നടപടി നേരിട്ട കരാറുകാരൻ ഏറ്റെടുത്ത പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 20-06-2018 ലെ തീരുമാനം 2(1) പ്രകാരം 2016-17 പദ്ധതിയിലുൾപ്പെട്ടതും പദ്ധതിയിലെ സ്പിൽ ഓവർ പ്രോജക്ടുകളുമായ വൃദ്ധർക്കുള്ള പകൽവീട് പൂർത്തീകരണം, മലവിള കോളനി റോഡ് റീടാറിംഗ്, കല്ലുവിളാകം റോഡ് റീടാറിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരനായ ശ്രീ നൗഷാദ്, കൊടിവിള വീട്, ചെറിയവെളിനല്ലൂർ എന്നയാൾ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതെ കരാർ ലംഘനം വരുത്തുന്നതിനാൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള LSGD അസി. എഞ്ചിനീയറുടെ ശുപാർശ കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെതിരെ ബ്ലാക്ക് ലിസ്റ്റിംഗ് നടപടി സ്വീകരിച്ചതിന്റെ വിവരവും മുകളിൽ പരാമർശിച്ചിരിക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശവും ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (45/28-01-2020)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 വയോജനങ്ങൾക്കുള്ള പകൽവീട് - പ്രവർത്തന സജ്ജമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO107/19 |
| വകയിരുത്തൽ | 2,50,000/- |
| ചെലവ് | 2,44,593/- |
| ബിൽ നമ്പർ | 37/23-3-19 |
| കരാറുകാരൻ | നസീർ |

എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് 29-01-2020ൽ നടത്തിയ സ്ഥലപരിശോധനയിൽ പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2015-16ൽ നിർമാണം ആരംഭിച്ചിട്ടുള്ള കെട്ടിട നിർമാണത്തിനായി പ്രസ്തുത വർഷത്തിൽ 9,21,752/- രൂപയും 2018-19 ൽ 2,44,593/- രൂപയും ചെലവായിട്ടുണ്ട്.

പകൽവീടിന് കോമ്പൗണ്ട് വാൾ നിർമിക്കുകയോ വാട്ടർകണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്ന് സ്ഥലപരിശോധനയിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി 48/29-01-2020) വാട്ടർ കണക്ഷനുള്ള പ്രോജക്ട് അടുത്ത വർഷത്തിലും കോമ്പൗണ്ട് വാൾ നിർമിക്കുന്നതിനുള്ള പ്രോജക്ട് മുൻവർഷവും വച്ചിട്ടുണ്ടെന്നും കരാറുകാരൻ പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനുശേഷം ഈ പ്രവൃത്തിക്ക് പ്രോജക്ട് ഒന്നും വച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. കോമ്പൗണ്ട് വാൾ നിർമിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2015-16 ൽ നിർമാണം ആരംഭിച്ച് നാളിതുവരെയായി കെട്ടിടനിർമാണത്തിനും മറ്റ് ഇലക്ട്രിക്ക് വർക്കുകൾക്കുമായി ആകെ 11,66,345/- രൂപ ചെലവാക്കിയെങ്കിലും പകൽവീട് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-29 കൊച്ചുതമ്പുരാട്ടി പണയിൽ റോഡ് നിർമാണം - പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO029/19 |
| വകയിരുത്തൽ | 4,50,000/-<br>(ധനകാര്യ കമ്മീഷൻ അവാർഡ് തുക) |
| ചെലവ് | 4,45,322/- |
| ബിൽ നമ്പർ | 10/29-9-18 |
| കരാറുകാരൻ | നസീർ |

50 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും കനാലിന് മുകളിൽ RCC സ്ലാബ് നിർമിക്കുന്നതിനുമായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. 29-01-2020ൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എ) 50 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി അവസാനിപ്പിച്ചതിനുശേഷം റോഡിന്റെ ഇരുവശങ്ങളിലുമായി പോകുന്ന കനാലിന് കുറുകെ സ്ലാബ് നിർമിച്ചതായാണ് സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞത്. എന്നാൽ സമീപറോഡുമായി കനാലിന് കണക്ഷൻ ഇല്ലാത്തതായാണ് സ്ഥലപരിശോധനയിൽ കണ്ടത്. വലതുവശത്തുള്ള കനാൽ അയിരൂർ ആറിലേക്കാണ് പോകുന്നത്. ഇടതുവശത്തുള്ള കനാൽ വളരെ അധികംദൂരം തുടരുന്നതായാണ് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

ബി) ആകെ 445366.53 രൂപ പ്രവൃത്തി മൂല്യമുള്ള പ്രസ്തുത പ്രവൃത്തിയിൽ 189682.08രൂപ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും 285684.45രൂപ സ്ലാബ് നിർമിക്കുന്നതിനും വേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രസ്തുത കനാൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന്റെ ആധികാരിക രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 48/29-01-2020) റോഡ് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും റോഡിന് അനുബന്ധമായിട്ടാണ് കനാൽ നിലനിൽക്കുന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മുൻപ് സൈഡ് വാൾ പ്രൊട്ടക്ഷൻ പ്രവൃത്തികൾ നടത്തിയിട്ടുള്ള കനാലിന് കുറുകെയാണ് സ്ലാബ് നിർമിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ ഏത് വകുപ്പാണ് നടത്തിയതെന്നുള്ളത് എന്നതിന് വ്യക്തതയില്ലാത്തതിനാൽ ഈ കനാൽ പഞ്ചായത്തിന്റെ ആസ്തി ആണെന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. ആസ്തി ആണെന്ന് ഉറപ്പിക്കാൻ കഴിയാത്ത കനാലിൽ സ്ലാബ് നിർമിക്കുന്നതിനുമാത്രം 285684.45രൂപ ചെലവഴിച്ചു.

സി) കനാലിന് ഇരുവശങ്ങളിലുമായി ആകെ 5വീടുകൾ മാത്രമാണ് ഉള്ളത്. (റോഡിന് വലതുവശത്തുള്ള കനാൽ ഭാഗത്ത് 3 ഉം ഇടതുവശത്തുള്ള കനാൽഭാഗത്ത് 2 ഉം) അവർക്ക് വേണ്ടി മാത്രമാണ് 285684.45രൂപ ചെലവഴിച്ച് പ്രവൃത്തി നിർവഹിച്ചത് .

പഞ്ചായത്തിന്റെ ആസ്തി ആണെന്ന് ഉറപ്പുള്ളവയിൽ മാത്രം നിർമാണപ്രവൃത്തികൾ നടത്തുന്നതിനും കൃത്യമായ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0064/19 |
| പേര് | ലൈഫ് ഭവന പദ്ധതി ജനറൽ |
| അടങ്കൽ തുക | 1,04,00,000/- (വി.ഫ.(പൊതു) |
| ചെലവ് തുക | 94,00,000/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - 2) |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിച്ചിട്ടുള്ള ചുവടെപ്പറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വീട് നിർമ്മാണത്തിന് ചുവടെചേർക്കും പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക | ചെക്ക് നമ്പർ |
|---|---|---|---|
| i | ശ്രീമതി ഷംല, ഷഹന മൻസിൽ, ഇലകമൺ | 2,00,000/- | 282707 തുക 1,60,000/- |
| | | | 212808 |

| | | | |
|---|---|---|---|
| | | | തുക 40,000/- |
| | | | |
| ii | ശ്രീമതി സൽമ,<br>വയലിൽ പുത്തൻ വീട്, കിഴക്കേപ്പുറം, ഇലകമൺ | 3,42,120/- | 282707 തുക 40,000/-<br>212808 തുക 1,60,000/-<br>6312144 തുക 1,42,120/- |

രേഖകൾ പ്രകാരം രണ്ട് ഗുണഭോക്താക്കളും വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം നിലം എന്നാണ് കാണുന്നത്. ശ്രീമതി ഷംല നിലം നികത്തി വീട് വയ്ക്കുന്നതിന് തണ്ണീർത്തട സംരക്ഷണ സമിതി മുമ്പാകെ അപേക്ഷിച്ചിട്ടില്ല. ശ്രീമതി. സൽമയുടെ അപേക്ഷയിൻമേൽ ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും സ്ഥല പരിശോധനയിൽ പ്രസ്തുത പ്രദേശം താമസയോഗ്യമല്ലാത്ത നീർച്ചാലുകൾ നിറഞ്ഞ ചതുപ്പ് പ്രദേശമായി കാണുന്നു. കൂടാതെ പ്രസ്തുത കെട്ടിടങ്ങൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഭാവിയിൽ ഇത്തരം വിഷയങ്ങൾ വിശദമായി പരിശോധിച്ച ശേഷം മാത്രം ഭവനപദ്ധതികൾക്ക് അനുമതി നല്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/28.01.20ന്റെ മറുപടി). ലൈഫ് ഭവനപദ്ധതികൾക്ക് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങളും പാലിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 ജാഗ്രതാ സമിതി-ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കിയില്ല

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനു വേണ്ടിയുള്ള ജാഗ്രത സമിതിയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ സജീവമല്ല. പ്രോജക്ട് നമ്പർ 56/19 പ്രകാരം ഗ്രാമപഞ്ചായത്തിലെ പരാതികൾ പരിഹരിക്കുന്നതിന് വക്കീൽ ഫീസ് നൽകുന്നതിലേക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവ്വഹണത്തിൽ പദ്ധതി വിഭാവനം ചെയ്യുകയും വികസനഫണ്ടിൽ (ജനറൽ) നിന്നും 5,000/- രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത തുക ഉപയോഗിച്ച് കേവലം ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/24.01.2020) ഗ്രാമപഞ്ചായത്തിൽ യാതൊരു പരാതിയും ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥയും സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ജാഗ്രത കാണിക്കേണ്ടതാണ്.

## 1-32 അവശ്യം വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങളില്ലാതെ അങ്കണവാടികൾ

ഗ്രാമപഞ്ചായത്തിൽ ആകെ 24 അങ്കണവാടികളുള്ളതിൽ 7എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഏതാനും അങ്കണവാടികൾ അവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ള കണക്ഷൻ, ഗ്യാസ് കണക്ഷൻ, ധാന്യ സംഭരണി എന്നിവയില്ലാതെ പ്രവർത്തിക്കുന്നു. സെന്റർ നമ്പർ 85, 69 എന്നിവയാണ് കുടിവെള്ള കണക്ഷനില്ലാതെ പ്രവർത്തിക്കുന്നത്. സെന്റർ നമ്പർ 74 ന് ഗ്യാസ് കണക്ഷൻ അനുവദിച്ച കിട്ടിയെങ്കിലും വാങ്ങാത്തതിനാൽ കണക്ഷൻ വിഛേദിക്കപ്പെട്ടു. സെന്റർ നമ്പർ 67 ന് ധാന്യ സംഭരണിയില്ല. വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥയും അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്.

## 1-33 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകളില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെക്ക് നമ്പർ 9966010/07.09.2018 (വൗച്ചർ നമ്പർ 21800414) പ്രകാരം 1,60,000/- രൂപ ശുചിത്വമിഷൻ ഫണ്ട് സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി –തോണിപ്പാറ) കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവ് വൗച്ചറുകൾ, നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/27.01.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 നൽകിയ തുകയ്ക്ക് പുർണമായും മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0076/19 |
| അടങ്കൽ തുക | 6,00,000/-<br>(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് തുക | 6,00,000/- |
| ബിൽ നമ്പർ | 04/30.11.2018 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |

ആറ് ലക്ഷം രൂപ പിൻവലിച്ച് ഇൻഹൗസ് ഡ്രഗ് ബാങ്കിന് കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കും പ്രകാരം 597599 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 2,401/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| 10859/18-19/24.01.2019 | 50,547.00 |
| 10901/18-19/25.01.2019 | 14,182.00 |
| 10860/18-19/24.01.2019 | 1,42,890.00 |
| 191/19-20/05.04.2019 | 58,227.50 |
| 421/19-20/24.04.2019 | 2400.00 |
| 776/19-20/08.05.2019 | 239352.50 |
| 852/19-20/11.05.2019 | 89760.00 |
| 855/19-20/11.05.2019 | 240.00 |
| ആകെ | 5,97,599.00 |

മേൽ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 32/28.01.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2,401/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 വയോമിത്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO077/19 |
| അടങ്കൽ തുക | 6,00,000/-<br>(വികസന ഫണ്ട്) |
| ചെലവ് തുക | 6,00,000/- |
| ബിൽ നമ്പർ | 06/04.01.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

വയോജനങ്ങളിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ള രോഗാതുരരായ വ്യക്തികളുടെ ആരോഗ്യ പരിരക്ഷ പ്രവർത്തനത്തിനായി ഇൻസുലിനും ജീറിയാട്രിക്സ് മെഡിസിനും വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്. ആറ് ലക്ഷം രൂപ പിൻവലിച്ച് ഇൻഹൗസ് ഡ്രഗ് ബാങ്കിന് കൈമാറി.

1)തുക കൈമാറിയത് 04.01.2019 നാണ്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടുള്ളത് 28.06.2019 മുതൽ 24.08.2019 വരെയുള്ള തീയതികളിലാണ്. മരുന്ന് യഥാസമയം ലഭ്യമാകാഞ്ഞതിനാൽ പ്രോജക്ടിൽ ലക്ഷ്യമിട്ട പ്രകാരം വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2)പ്രസ്തുത മരുന്നുകൾ വയോജനങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. G.O (Rt) No. 1018/2017/H&FWD Dt 06.04.2017, എം.എസ്.എ.3/79343/2018/ആ.വ.ഡ. തീയതി 10.12.2018 സർക്കുലർ എന്നിവ പ്രകാരം നിലവിൽ മെയിൻസ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുന്ന മരുന്നുകളെല്ലാം DDMSൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയതിനുശേഷം മെയിൻ സ്റ്റോക്ക് രജിസ്റ്ററുകൾ ഒഴിവാക്കുകയും Sub Stock Registers ഉം Patientwise Distribution Registersഉം അതേപടി നിലനിർത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. Sub Stock Registers ഉം Patientwise Distribution Registersഉം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നമ്പർ 33/28.01.2020) മറുപടി ലഭ്യമാക്കിയില്ല.

3) മോണിറ്ററിംഗ് നടന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല.

വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-36 പാലിയേറ്റീവ് പരിചരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകം

| പ്രോജക്ട് നമ്പർ | | SO078/19 |
|---|---|---|
| | അടങ്കൽ തുക | ചെലവ് തുക |
| വികസന ഫണ്ട് | 6,00,000/- | 5,97,909/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000/- | 2,00,000/- |
| ആകെ | 8,00,000/- | 7,97,909/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |

പ്രസ്തുത പ്രോജക്ടിനായി ചുവടെ ചേർക്കുംപ്രകാരം ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| i | 21801094 / 22.03.2019 | 95,014/- |
| | | |

| | | |
|---|---|---|
| ii | 21801095/22.03.2019 | 15,200/- |
| iii | 21801096/22.03.2019 | 15,200/- |
| iv | 21801127/28.03.2019 | 74,586/- |
| | ആകെ | 2,00,000/- |

പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.13പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വാർഷിക കുടുംബസംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി 60/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000/- രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടിവരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2,00,000/- രൂപ ചെലവഴിച്ചതിൽ പാലിയേറ്റീവ് കുടുംബസംഗമത്തിനായി മാത്രം ചെലവഴിച്ച തുകയുടെ വിശദാംശവും സംഗമത്തിൽ പങ്കെടുത്തവരുടെ വിശദാംശവും ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 34/28.01.2020ന് മറുപടി ലഭ്യമാക്കിയില്ല). സംഗമത്തിനായി ബോധവൽക്കരണ ക്ലാസ് നടത്തിയതിന് 2,500/-രൂപയും ഉച്ചഭക്ഷണത്തിനായി 15,000/-രൂപയും ചായക്കും ലഘുഭക്ഷണത്തിനായി 2,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടുംബ സംഗമത്തിനായി ഇതുകൂടാതെയുള്ള തുകയുടെ വിനിയോഗം നടന്നിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചില്ല. ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് രോഗികളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. പാലിയേറ്റിവ് കുടുംബസംഗമം നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 23.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1498 തീയതി 20.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 722500 | കേദാരം | 722500 | 0 |
| | | 50000 | ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി | 50000 | 0 |
| | | 216000 | കിണർ റീച്ചാർജ്ജിംഗ് | 216000 | 0 |
| | | 80000 | കിണർ റീച്ചാർജ്ജിംഗ്(എസ്.സ്.പി) | 80000 | 0 |
| | | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | | 100000 | അംഗനവാടി പോഷകാഹാരം | 0 | 100000 |
| | | 356250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 287250 | 69000 |
| | | 42475 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 42475 |
| | | 533293 | ലൈഫ് (ജനറൽ) | 478947 | 54346 |
| | | 789007 | ലൈഫ് (എസ്.സി.പി) | 716136 | 72871 |
| | | 300000 | ക്ഷീര സമൃദ്ധി | 300000 | 0 |
| | | 100000 | ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം | 0 | 100000 |
| | | 500000 | ലൈഫ് - നിർമ്മാണ സാമഗ്രികളുടെ യൂണിറ്റ് | 0 | 500000 |
| | ആകെ | 4009925 | | 3071233 | 938692 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1041250 | കേദാരം | 1041250 | 0 |
| | | 280000 | ഹരിത ഭവനം | 280000 | 0 |
| | | 324000 | കിണർ റീച്ചാർജ്ജിംഗ് | 324000 | 0 |
| | | 120000 | കിണർ റീച്ചാർജ്ജിംഗ്(എസ്.സ്.പി) | 120000 | 0 |
| | | 50000 | ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി | 50000 | 0 |
| | | 287250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 287250 | 0 |
| | | 206091 | ലൈഫ് (ജനറൽ) | 171053 | 35038 |
| | | 511634 | ലൈഫ് (എസ്.സി.പി) | 343864 | 167770 |

| | | | | | |
|---|---|---|---|---|---|
| | | 180000 | ക്ഷീര സമൃദ്ധി | 180000 | 0 |
| | ആകെ | 3000225 | | 2797417 | 202808 |

| | 17-18 B4 പ്രകാരം നീക്കിയിരിപ്പ് | 18-19 RP 31 പ്രകാരം വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 138000 | 3000225 | 3138225 | 2797417 | 340808 | 340808 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 510508 | 4009925 | 4520433 | 3071233 | 1449200 | 1449200 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 60,93,129/-രൂപ വരവുണ്ട്. പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ. (എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി. തീയതി 18.05.18 | 6093129 | 0 | 0 | 0 | 6093129 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,32,39,194/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,85,31,079/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,62,401/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 1,60,000/- | ഡോ. ജോണി.എസ്.പെരേര,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| 1-34 | 2,401/- | ഡോ. ജോണി.എസ്.പെരേര,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| 1-36 | 2,00,000/- | ഡോ. ജോണി.എസ്.പെരേര,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| ആകെ | 3,62,401/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|
| ഡോ. ജോണി.എസ്.പെരേര, | A22, ലൂർദ് വില്ല, കനകനഗർ റോഡ്, വെള്ളയമ്പലം, | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.- തോണിപ്പാറ,<br>ഇലകമൺ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | തിരുവനന്തപുരം, പിൻ 695003 | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018 തീയതി 22.06.2018 | 5 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018 തീയതി 22.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018 തീയതി 22.06.2018 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018 തീയതി 22.06.2018 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1380/2016 തീയതി 03.08.2016 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1720/2016 തീയതി 31.10.2016 | 16 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1415/2017 തീയതി 05.07.2017 | 19 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/176/2019 തീയതി 08.03.2019 | 24 | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,